പ്രതികരണങ്ങൾ — 22

പ്രതികരണങ്ങൾ — 22
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Sankarpur Sea Beach, Shankarpur in East Midnapore, West Bengal, a photograph by Pinakpani. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

പ്രതികരണങ്ങൾ

വിനയ ചൈതന്യ: അക്കമഹാദേവി

കെ. വിനോദ് ചന്ദ്രൻ: വിനയചൈതന്യ മൊഴിമാറ്റം വരുത്തിയ അക്കാവചനങ്ങളിലൂടെയുള്ള സഞ്ചാരം ഹൃദ്യവും തീക്ഷ്ണവുമായ ഒരു വായനാനുഭവമായി. മലയാളികൾക്ക് പരിചിതമല്ലാത്ത ഒരു ആധ്യാത്മിക ഭൂമിശാസ്ത്രത്തിലേക്കാണ് ഈ വചനധാരകൾ നമ്മെ ഒഴുക്കിക്കൊണ്ട് പോകുന്നത്. ജൈനവും ശൈവവുമായ പ്രബുദ്ധതകളെ വാറ്റിയെടുത്ത വീരശൈവത്തിന്റെ രൗദ്ര നേരങ്ങളിലേക്ക്, വീരശൈവത്തെയും വിപ്ലവീകരിക്കുന്ന വീര സ്ത്രൈണത്തിലേക്ക്, പെൺവചനങ്ങളുടെ മലവെള്ളപ്പാച്ചിലിലേയ്ക്ക്, ആണധികാരങ്ങളെ കടപുഴക്കിയെറിയുന്ന എതിർവചനങ്ങളുടെ പെണ്ണൊഴുക്കുകളിലേക്ക്.

കന്നഡഗ്രാമങ്ങളിലെ 'സാധു'ക്കളിൽ നിന്ന് വാമൊഴിയായി കേട്ട വചനധാരകൾ ഹൃദയനാളങ്ങളിൽ സൃഷ്ടിച്ച മുഴക്കങ്ങളാണ് ഈ പരിഭാഷാ യത്നത്തിന് വഴിയും ശ്രുതിയും ഇട്ടതെന്ന് വിനയ പറയുന്നു. കന്നഡയിലെ മൂലഗ്രന്ഥങ്ങളും ആംഗല പരിഭാഷകളും സംശോധനചെയ്ത്, വചനസത്യങ്ങളെ മനനം ചെയ്ത്, പത്തുകൊല്ലത്തോളം തുടർന്നു പോന്ന ഒരു തപശ്ചര്യയുടെ ഫലമാണ് ഈ വചനങ്ങളെന്നത് വിനയയുടെ മൊഴിമാറ്റത്തെ ഈടുറ്റതാക്കുന്നു.

കന്നഡവാണിയുടെയും വചനങ്ങളുടെയും വ്യത്യസ്ഥതകളെ, മലയാളഭാഷയിലും ഈണതാളങ്ങളിലും മുക്കിക്കളയുവാനല്ല, മറിച്ച് ഈ വ്യത്യസ്ഥതകളെ അങ്കനം ചെയ്യുവാനാണ് പരിഭാഷകൻ ശ്രമിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. വായനാ സുഖത്തെക്കാൾ മൂലകൃതിയോടുള്ള വിശ്വസ്തതയ്ക്കാണ് താൻ പ്രാധാന്യം നൽകിയതെന്ന് തന്റെ ഇംഗ്ലീഷ് പരിഭാഷയുടെ ആമുഖത്തിൽ അദേഹം പറയുന്നത് ഇവിടെയും പ്രസക്തമാണ്.

ലതാമങ്കേഷ്കറുടെ മീരാഭജനം പോലെയോ, അരങ്ങുകവികൾക്ക് തൊണ്ടപൊട്ടിപ്പാടാൻ പാകത്തിലുള്ള വായ്ത്താരികളായോ അക്കാവചനങ്ങളെ, ഈണപ്പെടുത്തി, മയപ്പെടുത്തി, പൈങ്കിളീകരിക്കുവാൻ തയാറല്ല എന്നതാണ് ഈ പരിഭാഷയുടെ മേന്മ. അക്കാദേവിയുടെ പരുപരുത്ത, മെരുങ്ങാത്ത, ഇണങ്ങാത്ത, ഒതുങ്ങാത്ത, അടങ്ങാത്ത, വചനങ്ങളോട് നീതികാട്ടുവാൻ പരിഭാഷകൻ പരമാവധിശ്രമിക്കുന്നു. അക്കാവചനങ്ങളുടെ കടുപ്പവും കയ്പ്പും ചവർപ്പും എരിവും പുളിയും രൗദ്രമധുരവും നഷ്ടപ്പെടാതെ, അനന്യതയെ ഹനിക്കാതെ, പകർന്നു നൽകുവാനുള്ള ഈ ധീരശ്രമം തികച്ചും അഭിനന്ദനാർഹമാണ്. കന്നഡയും മലയാളവും തമ്മിലുള്ള സമാനതകളാണ് ഈ പരിഭാഷയെ കൂടുതൽ വിഷമകരമാക്കിയതെന്നദ്ദേഹം പറയുന്നു. സമാനതകൾക്കല്ല, വ്യത്യസ്ഥതയ്ക്കാണ്, പരിചിതത്വത്തിനല്ല, അപരിചിതത്വത്തിനാണ്, ഈ പരിഭാഷ പ്രാധാന്യം കൊടുക്കുന്നതെന്ന് സാരം.

മീരാഭജനങ്ങളുടെ വൈഷ്ണവമാധുര്യമല്ല വീരശൈവത്തിന്റെ, വീരസ്ത്രൈണത്തിന്റെ, രൗദ്രസൗന്ദര്യമാണ് അക്കാവചനങ്ങളെ അനന്യമാക്കുന്നത്. മെരുങ്ങാത്ത പെൺവചനങ്ങളുടെ പരുക്കൻ സ്വഭാവത്തെ അതേപടി നിലനിർത്തുന്നുണ്ട് ഈ പരിഭാഷ. ഒരുദാഹരണം:

> എടീ തായേ, നീയവിടെയിരി,
> എടോ തന്തേ, നീയവിടെയിരി,
> എടോ ബന്ധുവേ, നീയവിടെയിരി,
> എടോ കുലമേ, നീയവിടെയിരി,
> എടോ ബലമേ നീയവിടെയിരി,
> ചന്നമല്ലികാർജ്ജുനനോടു ചേരുവാൻ
> തിടുക്കപ്പെട്ടു പോകുന്നേൻ,
> നിങ്ങൾക്കു ശരണം, ശരണം. (244)

അടങ്ങിയൊതുങ്ങി വഴങ്ങിക്കഴിയുന്ന അബലാത്വമല്ല, മനോരഞ്ജകമായ 'കുലീന'വനിതാത്വമല്ല, കൂലം കുത്തി ഇരമ്പിയൊഴുകുന്ന വീരസ്ത്രൈണമാണ് അക്കാവചനങ്ങളെ അനന്യമാക്കുന്നത്. നൂറ്റാണ്ടുകൾക്ക് മുമ്പ്, പുരുഷാധിപത്യം കൊടുമ്പിരിക്കൊള്ളുന്ന കാലങ്ങളിൽ, വിവസ്ത്രയും നഗ്നയുമായി നടന്ന അക്കാദേവി ഇപ്പോഴും നമുക്കുഹിക്കുവാൻ കഴിയാത്ത ഒരു സ്ത്രൈണമുന്നേറ്റത്തെ, പുരുഷാധിപത്യ സമൂഹത്തെ കിടിലം കൊള്ളിക്കുന്ന രൂക്ഷ സമരത്തെയാണ് ആവിഷ്കരിക്കുന്നതെന്ന് ഈ ധീരവചനങ്ങൾ തെളിയിക്കുന്നു. ദിഗംബരത്വം എന്നത് നഗ്നതാപ്രദർശനമല്ലെന്നും, പുരുഷമൂല്യങ്ങളുടെയും, സദാചാര ധർമ്മസംഹിതകളുടെയും, ആധിപത്യങ്ങളുടെയും, ഉച്ചനീചത്വങ്ങളുടെയും തുണിയുരിക്കുന്ന, മറയറുക്കുന്ന, വിപ്ലവകരമായ ഒരു രാഷ്ട്രീയപ്രയോഗമാണെന്ന് ഈ വചനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. അക്ക ചൊല്ലുന്നു:

> ദിഗംബരി ആയാലെന്തു? അയ്യാ
> മനം നഗ്നമായിരിക്കണം.

സ്വാതന്ത്ര്യസമരത്തിന്റെ സൂക്ഷ്മ തീക്ഷ്ണവും ആത്യന്തികവുമായ രൂപമാണ് അപാരവുമായുള്ള വേഴ്ചയും സംവാദവുമെന്ന് അക്കാവചനങ്ങൾ നമ്മെ ഒരിക്കൽ കൂടി ഉണർത്തുന്നു. ശക്തിസംയുക്തമായ, ഭാവാവിഷ്ടമായ, 'പരമ അനന്തം', 'അപാരം', ആണ് മുല്ലപ്പൂക്കളാൽ ആഛന്നനായ അക്കയുടെ ശിവൻ. അപാരവുമായുള്ള ഈ സ്വയംവര മുഹൂർത്തങ്ങളെ അക്കാവചനങ്ങൾ രേഖപ്പെടുത്തുന്നത് ശ്രദ്ധിക്കുക:

> ജലത്തിൻ മണ്ഡപത്തിന്മേൽ
> എരിതീയിൻ പന്തലിട്ട്
> ആലിപ്പഴമെത്തവിരിച്ച്, പട്ടവും കെട്ടി
> കാലില്ലാത്ത പെണ്ണിനെ
> തലയില്ലാത്ത ചെക്കൻ വന്നു
> കല്യാണം ചെയ്തു.
> എന്നെന്നും വിടാത്ത
> വാഴ്വിനു കൊടുത്തെന്നെ,
> ചന്നമല്ലികാർജ്ജുനൻ എന്ന കാന്തൻ
> എന്നെ കല്യാണം കഴിച്ചമ്മാ. (54)

'പരമാനന്തവു'മായുള്ള ഐഹികമായ സംയോഗം എന്ന ആദ്ധ്യാത്മിക അനുഭവത്തെ, യൗഗികക്രിയയെയാണ് ഈ വിചിത്രവേളീരംഗം നഗ്നമായ നാട്ടുമൊഴികളിൽ നിവേദനം ചെയ്യുന്നത്. പ്രബുദ്ധമായ പെണ്മയുടെ രൗദ്രമൊഴികൾ പച്ചമലയാളത്തിലാക്കിയ വിനയചൈതന്യയ്ക്ക് അഭിവാദ്യങ്ങൾ!

ടി. ആർ. വേണുഗോപാലൻ: അക്കമഹാദേവിയുടെ വചനങ്ങൾക്ക് വിനോദ് ചന്ദ്രന്റെ പഠനം കൂടുതൽ തെളിമ നൽകുന്നുണ്ട്.

വിനയചൈതന്യ മലയാളത്തിലാക്കിയ അക്കമഹാദേവിയുടെ വചന കവിതകൾ അവയുടെ ലാളിത്യംകൊണ്ടും ഗഹനമായ അന്തഃസാരം കൊണ്ടും ശ്രദ്ധേയമാണ്. ശിവഭക്തിപ്രധാനമായ ഈ വചനങ്ങൾ പുരാണിക്/അഗാമിക് ഭക്തി പരിപ്രേക്ഷ്യത്തിൽ നിന്നും തികച്ചും ഭിന്നമാണ്. ജൈനപാരമ്പര്യവുമായിട്ടാണ് ഇതിനു കൂടുതൽ ഇഴയടുപ്പം. തമിഴ് ഭക്തിപ്രസ്ഥാനത്തിലെ ബ്രാഹ്മണിക്കൽ ശൈവ സമ്പ്രദായവുമായി ഇതിന് പേരിലല്ലാതെ മറ്റൊരു സാമ്യവുമില്ല.

ജാതി, പൌരോഹിത്യം തുടങ്ങിയ മർദ്ദക/ചൂഷണ സമ്പ്രദായങ്ങൾക്കെതിരായുള്ള ഒരു പ്രതിരോധമായിട്ടാണ് വീരശൈവ പ്രസ്ഥാനം ഉയിർകൊള്ളുന്നത്. ആണധികാരത്തെ കൊണ്ടാടുന്ന ബ്രാഹ്മണിക്കൽ വിശ്വാസങ്ങളെയും നീതിശാസ്ത്രങ്ങളെയും ഉല്ലംഘിക്കുകയാണ് വീരശൈവ വചന കാവ്യങ്ങൾ.

അക്കമഹാദേവിയുടെ വചനങ്ങൾ എത്രമാത്രം ഒതുക്കിയെഴുതപ്പെട്ടതാണെന്ന് ആമുഖമായി ചേർത്തിട്ടുള്ള ചന്നബസവണ്ണന്റെ ഒരു വചനത്തിൽ കാണാം.

> "ആദ്യരുടെ അറുപതുവചനത്തിന്
> ദണ്ണായകരുടെ ഇരുപതുവചനം!
> ദണ്ണായകരുടെ ഇരുപതുവചനത്തിന്
> പ്രഭുദേവരുടെ പത്തുവചനം!
> പ്രഭുദേവരുടെ പത്തുവചനത്തിന്
> അജഗണ്ണന്റെ അഞ്ചുവചനം!
> അജഗണ്ണന്റെ അഞ്ചുവചനത്തിന്
> കൂടലചന്നസംഗയ്യനിൽ
> മഹാദേവിയക്കഗളുടെ ഒരു
> വചനം നിർവ്വചനം,
> കാണ്യ സിദ്ധരാമയ്യാ"...

ലൌകിക ജീവിതത്തിന്റെ നിസ്സാരതയും നിസ്സഹായതയും വെളിവാക്കുന്ന വചനങ്ങൾ മുതൽ ദാർശനിക ആഴങ്ങളടങ്ങുന്ന വചനങ്ങൾ വരെ അക്കമഹാദേവിയുടെ രചനകൾക്ക് വലിയ വൈവിദ്ധ്യം.

> വെന്ത സംസാരം വിടാതെ
> പീഡിപ്പിക്കുന്നയ്യാ,
> എന്തെന്ത് ചെയ്യുമേൻ അയ്യാ? (22)

> 'സംസാരമെന്ന പകയാണയ്യാ
> എന്റെ തന്ത,
> എന്റെ വംശക്കാർ എങ്ങും വിടാതെ
> തെരക്കി വരുന്നുണ്ടയ്യാ,
> എന്നെ തെരഞ്ഞുതെരഞ്ഞ്
> പിടിച്ചുകൊല്ലുന്നയ്യാ,...' (23)

> 'ഞാൻ പിറന്നപ്പോൾ സംസാരം പിറന്നു,
> സംസാരം പിറന്നപ്പോൾ
> അജ്ഞാനം പിറന്നു,
> അജ്ഞാനം പിറന്നപ്പോൾ ആശ പിറന്നു,
> ആശ പിറന്നപ്പോൾ കോപം പിറന്നു,...'
> (25)

എന്നിങ്ങനെ ലൌകിക ദുഃഖ കാരണങ്ങളെ ഈ വചനങ്ങളിൽ കണ്ടെത്തുന്നു. വചനം 27-ൽ 'സംസാരത്തിൻ പൊള്ളത്തരം വന്നാടിയല്ലോ' എന്നും മൊത്തം വേഷപ്പകർച്ചകളെ 'ജഗന്നാടക'മെന്നും വിശേഷിപ്പിച്ചുകൊണ്ട് ലൌകികജീവിതത്തിന്റെ നിരാസമാണ് അഭികാമ്യമെന്ന തോന്നൽ ഉളവാക്കുന്നു.

അക്കമഹാദേവിയുടെ വചനങ്ങളിൽ പന്ത്രണ്ടാം നൂറ്റാണ്ടിലെ സ്ത്രീസ്വത്വ നിർമ്മിതി കാണാം. നഗ്നത ഇവിടെ അശ്ലീലമേയല്ല. ആധുനിക സ്ത്രീവിരുദ്ധ ഇന്ത്യൻ മനഃസാക്ഷിക്ക് ഇത് സങ്കൽപ്പിക്കാൻ കഴിയുമോ?

> നാണം മറയ്ക്കും നൂലു പൊട്ടിയാൽ
> നാണിക്കുന്നവർ, നോക്കൂ,
> ആൺപെണ്ണെന്ന ജാതികൾ.
> പ്രാണത്തിനുടയോൻ ജഗത്തിൽ
> മുങ്ങാൻ തരമില്ലാതിരിക്കുമ്പോൾ
> ദേവന്റെ മുന്നിൽ നാണിക്കാൻ ഇടയുണ്ടോ?
> ചന്നമല്ലികാർജ്ജുനൻ ജഗത്തെല്ലാം
> കണ്ണായി നോക്കിയിരിക്കവേ
> മൂടിമറയ്ക്കുന്നിടം ഏതു്, ചൊല്ലയ്യാ! (149)

ധാർമ്മികതയും അധാർമ്മികതയും തമ്മിലുള്ള വൈരുദ്ധ്യങ്ങളെ അക്കമഹാദേവി വിവരിയ്ക്കുന്നതിങ്ങനെ:

> 'ഉള്ളിലെ ഭർത്താവ്, പുറത്തെ ജാരൻ.
> രണ്ടുംകൂടി നടത്താനാവില്ലയ്യാ.
> ലൗകിക പരമാർത്ഥങ്ങൾ
> രണ്ടുംകൂടി നടത്താനാവില്ല,
> ചന്നമല്ലികാർജ്ജുനയ്യാ...' (150)

പശി, കാമം, ക്രോധം, മത്സരം എന്നിവയെല്ലാം നിൽക്കട്ടെ എന്ന് മറ്റൊരു വചനത്തിൽ (155). മരത്തിനു ഫലം വേണമെന്നും ധനത്തിനൊപ്പം ദയവേണമെന്നും രൂപത്തിനു ഗുണം വേണമെന്നും അല്ലെങ്കിൽ അവയെല്ലാം നിഷ്ഫലമാണെന്നും പറയുന്ന കവി ചന്നമല്ലീശ്വരന്റെ ജ്ഞാനമില്ലായിടത്തോളം താനിരുന്നിട്ട് ഫലമെന്തെന്നു കൂടി സന്ദേഹിക്കുന്നു. ഭക്തിയെന്നാൽ അറിവാണെന്നും അറിവാണ് യഥാർത്ഥ ഭക്തിയെന്നും അന്തമില്ലാത്ത ഭക്തി കാപട്യമാണെന്നുമുള്ള നിരീക്ഷണം എക്കാലത്തും പ്രസക്തം (203, 204, 205).

അക്കമഹാദേവിയുടെ വചനങ്ങളുടെ പൊരുളും സ്വരവും പിഴയ്ക്കാതെയുള്ള മൊഴിമാറ്റം ദുർഘടമാണ്. കന്നഡയിൽ നിന്ന് ഈ വചനമലയാളം ജപിച്ചു തന്ന വിനയചൈതന്യക്ക് അഭിവാദ്യങ്ങൾ, സായാഹ്നയ്ക്കും.

നന്ദിനി മേനോൻ: അക്ക മഹാദേവിയെക്കുറിച്ചെഴുതിയ കുറിപ്പ് മനോഹരമായി. വചന കവിതകളും...

എം. ബഷീർ: കവിതകൾ

മധുസൂദനൻ: എം. ബഷീറിന്റെ കവിതകൾ പുതു പുത്തനായി തോന്നി. മുൻപ് കേൾക്കാത്തതാണ് കവിയുടെ പേരും കവിതകളും. 'മറ്റേതോ ഭൂമിയിലെ നമ്മുടെ വീട്ട്' പ്രത്യേകിച്ചും ശ്രദ്ധേയമായി തോന്നി. ഘട്ടക്കിന്റെ 'സുബർണരേഖ' എന്ന ചലച്ചിത്രത്തിലെ സീതയുടെ മകൾ ചോദിക്കുന്നതുപോലെ കവിതയിലെ ഇളയമകളും കവിളിൽ തൊട്ടു ചോദിക്കുന്നു; 'ഇവിടെ ശലഭങ്ങളുണ്ടാകുമോ?' എന്ന്.

ഈ കവിത വായിക്കുന്നതിനു രണ്ടു ദിവസം മുൻപ് വരച്ച ചിത്രമാണ് താഴെ കൊടുത്തിരിക്കുന്നത്. എം. ബഷീറിന് അഭിനന്ദനങ്ങൾ.



ടി. ആർ. വേണുഗോപാലൻ: ശ്രീ. എം. ബഷീർ തെളിമയും ആഴവും തനിമയും പുതുമയും സമയബോധവും ശില്പത്തികവുമുള്ള കവി. ബഷീറിന്റെ 'കവിതകൾ' ആർക്കും രസിക്കാം. ഇന്നത്തെ ജീവിതം ബഷീറിനറിയാം. പൂമരങ്ങളും റെയിൽപ്പാളവും എന്ന ആദ്യ കവിതയിൽ 'നക്ഷത്രങ്ങളെ വളർത്തുന്ന' നവദമ്പതികളുടെ ഭാവുകത്വഭേദത്തിലെ സമാന്തരങ്ങൾ നീളുന്നു. മനോരമയും മാതൃഭൂമിയും വണ്ടിയും പാർശ്വങ്ങളും എസ്കലേറ്ററും കോണിപ്പടികളും ഉൾക്കാഴ്ചയോടെ അത് രസകരമായി ആഖ്യാനം ചെയ്യുന്നു.

പറയുന്നത്/കേൾക്കുന്നതെല്ലാം നുണയെന്നറിഞ്ഞിട്ടും നാം പലായനം ചെയ്യുന്നു. അന്യന്റെ വീട് തകർക്കുന്നു. ആരാധനാലയങ്ങൾ കത്തിക്കുന്നു. സ്വന്തം പാർട്ടിക്കാരനെത്തന്നെ 'ഒറ്റുകാരനെ'ന്നു കരുതി വെട്ടിവീഴ്ത്തുന്നു. നേരും നുണയും തിരിച്ചറിയാനാവാത്തവിധം പ്രതിസന്ധിയിലായ ആധുനിക അധികാര/ഫാഷിസ്റ്റ് രാഷ്ട്രീയമാണ് 'സത്യാനന്തരം' എന്ന കവിതയിലെ സമയസാരം. 'മറവിയുടെ ശലഭങ്ങ'ളിൽ നീയും ഞാനും തമ്മിലെ ദ്വന്ദ്വാവസ്ഥ വ്യക്തം. 'സൂചികൾ നിലച്ചുപോയ/തുരുമ്പിച്ചൊരു/ഘടികാരമാണെന്റെ ഹൃദയം' എന്ന് കവി തിരിച്ചറിയുന്നു. പുറത്തേക്ക് പോകുന്നൊരാൾ എന്ന കവിതയിൽ തന്നിൽ നിന്ന് ഓരോന്നായി കൊണ്ടുപോകുന്ന മറ്റൊരാൾ സന്നിഹിതനാണ്. അവസാനം 'എന്നെമാത്രം എന്നിലുപേക്ഷിക്കുന്നു'. ആനയേക്കാൾ ഉറമ്പുകളെ ഇഷ്ടപ്പെടുന്ന കവി (പൊക്കം) ഭയവിഹ്വലനായിട്ടാണ് മറ്റേതോ ഭൂമിയിലെ നമ്മുടെ വീട്ടിൽ പ്രത്യക്ഷപ്പെടുന്നത്. 'രാത്രിയിൽ ഞങ്ങൾ ഉറങ്ങിക്കഴിഞ്ഞപ്പോൾ' ആരോ കലാപത്തെരുവിൽ കൊണ്ടിട്ടിരിയ്ക്കുന്ന വീടിന്നുമുന്നിലൂടെ ചീറിപ്പായുന്ന കവചിതവാഹനങ്ങളും ആംബുലൻസിന്റെ നിലവിളിയും സമകാലീന ഇന്ത്യൻ ദുരവസ്ഥയുടെ നേർക്കാഴ്ചയാണ്. ഞാനും എന്റെ അപരനുമായുള്ള വിപരീതങ്ങളുടെ മനോഹരമായ ആവിഷ്കാരമാണ് 'ചുമടി'ലുള്ളത്. അവസാനം 'ആരും കാണാതിരിക്കാനായി ഞാനിപ്പോൾ എന്നെ ചുമന്നു നടക്കാറില്ല' എന്ന വരികളിലൂടെ ദാർശനികമായ ആഴം ഉദിക്കുന്നു.

രൂപാന്തര കാലം എന്ന കവിതക്ക് ഒരു മിസ്റ്റിക്ക് തലമുണ്ട്. അതി വിചിത്രമായ രൂപാന്തരീകരണത്തിലൂടെ, പ്രാവുകൾ ഗോതമ്പുമണികളുപേക്ഷിച്ച് കോഴിക്കുഞ്ഞുങ്ങളെ റാഞ്ചുന്നവരായും ബഹളംവെക്കുന്ന കാക്കകൾ സമാധാനപ്രിയരായും പാമ്പുകൾ കുട്ടികൾക്ക് കളിപ്പാട്ടങ്ങളായും കോഴികൾ വറ്റുകൊടുത്ത കൈക്കൾക്കാഞ്ഞു കൊത്തി ചോരകുടിക്കുന്നവരായും വിചിത്രമായി പരിണമിക്കുന്നു. പുലികൾ തൊഴുത്തിലും പശുക്കൾ കാട്ടിലും വിപരീത റോളുകളിൽ പ്രത്യക്ഷപ്പെടുന്നു. വലിയ 'മെറ്റമോർഫൊസിസ്' ഈ കവിതയുടെ സവിശേഷതയാണ്.

ഒറ്റക്കിരിക്കുമ്പോൾ പരീക്ഷിച്ചു നോക്കാവുന്ന ഒന്നാണ് അവസാന കവിതയിലുള്ള വീടിനെ തീവണ്ടിയാക്കുന്ന വിദ്യ. ഭാവനാസമൃദ്ധമായ ഈ കവിത ഒരു 'പാൻഡെമിക്' കാല രചനയാണോ എന്നറിയില്ല. എന്തായാലും അടച്ചിട്ടമുറിയിൽ നിന്നാണ് ഭാവന ചിറകു വിരിക്കുന്നത്. അടുക്കളയെ തീവണ്ടി എഞ്ചിനായും അടച്ചിട്ടമുറി ബോഗിയായുമൊക്കെ മാറുന്നു. ഒടുവിൽ ഈ യാത്ര എവിടെ അവസാനിക്കുമെന്ന സന്ദേഹം ബാക്കിയാവുന്നു. കെ. ജി. എസ്സിന്റെ ഗഹനമായ ആമുഖം—ബഷീറിന്റെ മറ്റൊരു കവിതാസമാഹാരത്തിനെഴുതിയാണെങ്കിലും—ബഷീറിയൻ കവിതകളെ അടുത്തറിയുന്നതിന് ഏറെ സഹായകമാണ്.

ഇ. മാധവൻ: നല്ല ആസ്വാദനം. ബഷീർക്കവിതകൾ വായിച്ച അനേകരുടെ അനുഭവത്തിന്റെ ഹൃദ്യമായ ആവിഷ്കാരം ആയി തോന്നി.

കെ. വിനോദ് ചന്ദ്രൻ: മുഖ്യധാരയിൽ അദൃശ്യനായ എം. ബഷീർ എന്ന അനുഗൃഹീത കവിയെ കണ്ടെത്തിത്തന്നതിനും അയാളുടെ കവിതയിലേക്ക് പ്രവേശിക്കുവാനുള്ള പാസ്സ്‌വേഡുകൾ ഒരുക്കിത്തന്നതിനും കെ. ജി. എസ്സിനു നന്ദി. സായാഹ്നയ്ക്കും.

ബഷീറിന്റെ 'വാക്കുകളുടെ നെറുകയിൽ സമകാലിക ചരിത്രം നട്ടുച്ചയായി ചവിട്ടി നിൽക്കുന്നതും, അയാളുടെ കവിതയിൽ കാഴ്ചയുടെയും കേൾവിയുടെയും പല തലങ്ങളൊരുക്കുന്ന മൊസൈക്കുകൾ സമൃദ്ധമാവുന്നതും', കെ. ജി. എസ്സിന്റെ ആമുഖവാക്കുകൾ കാട്ടിത്തരുന്നു. ആ കവിതകളിലെ 'അളന്നു തീർക്കാനാവാത്ത ഇടങ്ങളിലേക്കും' 'അകവിസ്തൃതികളിലേയ്ക്കും' മർമ്മഗ്രാഹിയായ ആമുഖവചനങ്ങൾ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

'സായാഹ്ന'യിൽ വന്ന ടി. ആർ. വേണുഗോപാലിന്റെ ആസ്വാദനക്കുറിപ്പും ഈ കവിതകളുടെ ഉള്ളറകളിലേക്ക് വെളിച്ചം ചൊരിയുന്നുണ്ട്.

അടക്കിപ്പിടിച്ചവിലാപത്തിൽ നിന്ന് നിർമ്മമവും നിർമ്മലവുമായ ചിരിയിലേക്കും പൊള്ളുന്ന ചോദ്യങ്ങളിലേക്കുമുള്ള പോക്കുവരവുകളാണ് ഈ കവിതകളെ ശ്രദ്ധേയമാക്കുന്നത്. 'കണ്ണുകളിൽ നക്ഷത്രം വളർത്തുന്ന' നവ ദമ്പതിമാരെ കവിതയിലേക്ക് ആനയിച്ച്, 'കളിചിരികളുടെ' പുതുമഴക്കാലത്തേക്ക് നമ്മെ കൂട്ടിക്കൊണ്ടു വരുന്ന 'പൂമരങ്ങളും റയിൽപ്പാളങ്ങളും' എന്ന കവിത. എന്നാൽ അവർക്കിടയിൽ മൗനത്തിന്റെ തീവണ്ടികളോടുന്നതും, ആൺ വഴിയും പെൺവഴിയും പിരിയുന്നതും ചേരുന്നതും കവിത സൂക്ഷ്മമായി ആഖ്യാനം ചെയ്യുന്നു. 'അവൾ' മാതൃഭൂമിയും 'അവൻ' മനോരമയും വായിക്കുന്നു. അവൻ ജനാലയിൽ നിന്ന് അകലെ. അവൾ ജാലകത്തിനരികെ. അവൾ പൂമരം കാണുന്നു. അവൻ റെയിൽപ്പാളവും. അവൾ പുഴയും വയലും നിരത്തുകളും കാണുന്നു. അവന്റെ കണ്ണ് മൊബൈലിൽ ആഴുന്നു . അവൾക്ക് 'വട്ടാണെന്ന്', 'നോർമലാ'യ അവൻ. അവൻ കോണിപ്പടിയിറങ്ങുമ്പോൾ അവൾ എസ്കലറേറ്ററിൽ ഊർന്നിറങ്ങുന്നു. അവൾ കടലിനോട്ട് മിണ്ടുന്നു. അവൻ കരയിലിരുന്ന് കപ്പലണ്ടി കൊറിക്കുന്നു. അവൻ ആൾത്തിരക്കിൽ. നനഞ്ഞ തീരത്ത് അവൾ അസ്തമയക്കാഴ്ചയിൽ. മടക്കത്തിൽ അവന്റെ വിരലുകളിൽ പുകയുന്ന സിഗററ്റ്. അവളുടെ കയ്യിൽ ഒളിപ്പിച്ചു വച്ച ഉടഞ്ഞ ചിപ്പി.

ടി. ആർ. വേണുഗോപാൽ ചൂണ്ടിക്കാട്ടുന്ന പോലെ 'ഭാവുകത്വഭേദത്തിലെ ഈ സമാന്തരപാതകൾ' ഇങ്ങനെ നീളുകയാണ്. പെൺവഴിയിൽ പുതുമഴ തോരാതെ പെയ്യുന്നതും ആൺവഴിയിൽ നിന്ന് പുതുമഴ പിൻവാങ്ങുന്നതും ധ്വനിവ്യാപതിയോടെ.

'സത്യാനന്തര'കാലത്ത് കള്ളങ്ങൾ സത്യങ്ങളായി രൂപാന്തരീകരിക്കപ്പെടുന്നു എന്ന സത്യത്തെ വിദഗ്ധമായി പിന്തുടരുന്ന 'സത്യാനന്തരം'. നുണപ്രചരണങ്ങളും പരദൂഷണങ്ങളും ഉത്തേജകവസ്തുക്കളായി, വെടിമരുന്നായി, വടിവാളുകളായി, തീബോംബുകളായി മനസ്സുകളെ തെരുവുകളെ, കുടുംബബന്ധങ്ങളെ, വിശ്വാസങ്ങളെ, അയല്പക്കങ്ങളെ, ആരാധനാലയങ്ങളെ തീപ്പിടിപ്പിക്കുന്നത് നിർമ്മമമായി ആലേഖനം ചെയ്യപ്പെടുന്നു.

പെട്ടെന്നൊരു ദിവസം വെളുപ്പാൻ കാലത്ത്, സ്വന്തം വീട് കാണാതാവുന്നതായും ഏതോ കലാപബാധിതമായ തെരുവിൽ ആരോ കൊണ്ടിട്ട ഏതോ വീട്ടിൽ അകപ്പെട്ടിരിക്കുന്നതായും നിങ്ങൾ ഞെട്ടിയുണരുന്നു ('മറ്റേതോ ഭൂമിയിലെ നമ്മുടെ വീട്ട്'). ദുഃസ്വപ്നമോ യാഥാർഥ്യമോ? നിങ്ങളുടെ സന്തുഷ്ടമായ ജീവിതത്തിന് പൊടുന്നനെ ദാരുണമായ അറുതി. കാട്ടുതീയിലേക്ക് ഉണർന്ന പക്ഷിക്കൂട്ടങ്ങളായി മാറിപ്പോയി, ഭാര്യയും, മക്കളും, പട്ടിയും, കൂട്ടിലെ കിളികളും, അക്വേറിയത്തിലെ മീനുകളും, മുറ്റത്തെ പൂന്തോട്ടവും പൂക്കളും ഒക്കെച്ചേർന്ന നിങ്ങളുടെ സന്തുഷ്ടകുടുംബം.

മുറ്റത്തെചെമ്പരത്തിപ്പൂക്കളെ മൂത്ത മകളും, കെട്ടിപ്പിടിച്ചുറങ്ങിയ പാവക്കുട്ടിയെ ഇളയമകളും, തിരയുന്നു. വീട്ടിൽ നിന്ന് നോക്കിയാൽ കാണുന്ന നദിയും അതിലെ അരയന്നങ്ങളെയും കാണാതെ ഭാര്യ ആകുലയാകുന്നു. ടി. വി.യിൽ കാണുന്ന ഏതോ യുദ്ധരാജ്യത്തിലെ കുട്ടിയെപ്പോലെ മകളുടെ കവിളിൽ കരിപുരണ്ടതു കണ്ടു് നിങ്ങളുടെ ഉള്ളിൽ തീ കാളുന്നു.

ഇത് നമ്മുടെ വീടല്ല എന്ന് യാഥാർഥ്യത്തെ നിഷേധിക്കുവാൻ ശ്രമിക്കുന്ന ഗൃഹനാഥനായ നിങ്ങൾ. 'ചുമരിൽ പാതി കത്തിയ മകളുടെ പെയിന്റിങ്ങുകളും, തൽസ്ഥലത്തു തന്നെയുള്ള ഊഞ്ഞാലും', 'പൊട്ടിക്കിടക്കുന്ന വെള്ളപ്രാവുകളുടെ ശില്പവും' കാട്ടി ഭാര്യയും കുട്ടികളും തറപ്പിച്ചു പറയുന്നു, 'അല്ല. ഇത് നമ്മുടെ വീടു തന്നെ.' 'മുറിവേറ്റോടുന്നവർ കരയുന്നത് നമ്മുടെ ഭാഷയിലല്ലല്ലോ. നമ്മുടെ വീടിനു മുന്നിൽ മരുഭൂമിയിലെ കമ്പിവേലികളുണ്ടായിരുന്നില്ലല്ലോ. നമ്മുടെ വഴികളിൽ സൈനികവാഹനങ്ങൾ വെടിമരുന്നു കയറ്റിപ്പോകുമായിരുന്നില്ലല്ലോ'. നിങ്ങൾ വാദിക്കുന്നു. 'വീടു നമ്മുടെ തന്നെ, പക്ഷേ, ഭൂമി വേറെ ആരുടേതോ', എന്ന് ഭാര്യ ഭ്രമിതചിത്തനായിക്കഴിഞ്ഞ നിങ്ങളെ സമാധാനിപ്പിക്കുന്നു. ഇളയമകളുടെ കണ്ണു തുടച്ചു കൊടുക്കുമ്പോൾ നിങ്ങളുടെ കവിളിൽ തൊട്ട് അവൾ ചോദിക്കുന്നു: 'ഇവിടെ ശലഭങ്ങളുണ്ടാകുമോ അച്ഛാ' മറുപടിക്കായി നിങ്ങൾ വാക്കു തപ്പുമ്പോൾ, ചീറിപ്പാഞ്ഞു പോയ ഒരു ആമ്പുലൻസിന്റെ നിലവിളി അതിനു മറുപടി പറയുന്നു.

ഇത് ദുഃസ്വപ്നമോ സത്യമോ? ഇത് പേക്കിനാവല്ല, ദൈനംദിനയാഥാർഥ്യമെന്ന് യുദ്ധവും കലാപവും ദുരന്തമായിപ്പെയ്ത ലോകരാജ്യങ്ങളുടെ ചാനൽ ദൃശ്യങ്ങൾ മൊഴിയുന്നു. ഉത്തരേന്ത്യയിലരങ്ങേറിയ കലാപ പരമ്പരകൾ ഇത് ആസന്ന യാഥാർത്ഥ്യമെന്ന് ചൊല്ലുന്നു. ഏതു നാട്ടിനും ഏതു വീട്ടിനും സംഭവിക്കാവുന്ന സാർവ്വജനീനമായ ദുരന്തമാണീ ദുഃസ്വപ്ന യാഥാർത്ഥ്യമെന്ന് കവിത ജാഗ്രത്താവുന്നു. 'ഇവിടെ ശലഭങ്ങളുണ്ടാവുമോ അച്ഛാ' എന്ന മർമ്മഭേദകവും നിഷ്കളങ്കവുമായ കുരുന്നു ചോദ്യം, ജീവിവംശങ്ങളുടെ വ്യാകുലമായ പ്രാർത്ഥനയായി വരും കാല രാഷ്ട്രീയത്തിന്റെ സൂത്രവാക്യമായി, എരിയുന്ന പന്തമെന്ന പോലെ, ഭാവിയിലേക്ക് എറിഞ്ഞുകൊടുക്കുന്നു ഈ കവിത.

അടച്ചു പൂട്ടിയ, തളംകെട്ടിക്കിടക്കുന്ന, അചരമായ, വീടിനെ ചരരാശിയിലേക്ക്, യാത്രാപഥങ്ങളിലേക്ക്, തുറന്നു വിടുന്ന പ്രതീകാത്മകമായ ഒരു സ്വാതന്ത്ര്യപ്രക്രിയയാണ് വീടിനെ തീവണ്ടിയാക്കൽ ('വീടിനെ തീവണ്ടിയാക്കുന്ന വിദ്യ'). ബാല്യത്തിന്റെ കേളീകാലവും, സ്വപ്നാടനവിദ്യകളും പുനരാവാഹിക്കപ്പെടുന്നു. അടുക്കളയെ വീട്ട് തീവണ്ടിയുടെ എഞ്ചിനാക്കി മാറ്റുന്നു. പഴയപാഠപുസ്തകത്തിലെ 'കുകു' തീവണ്ടികൾക്ക് ജീവൻ വയ്പ്പിക്കുന്നു.

വിവിധ ജീവിഗണങ്ങളിൽപ്പെടുന്ന അന്തേവാസികളെ നടീനടന്മാരാക്കിക്കൊണ്ട്, ഇന്നത്തെ ചലനവും സഹനവും അതിജീവനവും മാന്ത്രികമായി പുനഃസൃഷ്ടിക്കുന്ന വിദ്യയാണ് ബഷീറിന്റെ കവിത നമുക്ക് പകരുന്നത്. ബഷീറിന് അഭിവാദ്യങ്ങൾ.

കെ. സച്ചിദാനന്ദൻ: ബഷീർ എഴുതിത്തുടങ്ങിയ കാലം എനിക്കോർമ്മയുണ്ട്, ചില ആദ്യ കവിതകൾ പതിറ്റാണ്ടുകൾക്കു മുമ്പ് അയച്ചു തന്നതും. കുറച്ചു കാലം അപ്രത്യക്ഷനായി വീണ്ടും പ്രത്യക്ഷപ്പെട്ടതു മുതൽ ശ്രദ്ധിച്ചുവരുന്നു. മുഖ്യധാര എന്തെന്നറിയില്ല. മാധ്യമം വാരികയിലും പാഠഭേദത്തിലും ദേശാഭിമാനി വാരികയിലും ഗ്രന്ഥലോകത്തിലും കൂടുതൽ അടുത്ത കാലത്ത് മാതൃഭൂമി വാരികയിലും ബഷീറിന്റെ കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കഥകളും ചിത്രങ്ങളും കണ്ടിട്ടുണ്ട്. വ്യത്യസ്തങ്ങളാണ് പരാനുഭവസാക്ഷ്യങ്ങൾ കൂടിയായ ആ രചനകൾ. ധാരാളം ഇവിടെ പറയപ്പെട്ടു കഴിഞ്ഞതുകൊണ്ട് ആശംസകൾ മാത്രം.

വി. രവികുമാർ: ദ ലിറ്റിൽ പ്രിൻസ്

ലിസ്സി മാത്യു: ലിറ്റിൽ പ്രിൻസ് വായിച്ചു ദുഃഖം തോന്നി; തൊപ്പി കണ്ടു ജീവിതം നശിപ്പിച്ചതിന്.

ഇതൊരു വിവർത്തനമാണെന്നേ തോന്നിയില്ല. ജീവനുള്ള മലയാളം.

ഇ. മാധവൻ: ലിറ്റിൽ പ്രിൻസ് ആദ്യം വായിച്ചത് 1978-ൽ. അന്ന് 28 വയസ്സ് മുതിർന്നിരുന്ന എന്നേക്കാളും 69-ാം വയസ്സിൽ ഈ കഥ മനസ്സിലാകുന്നു! ഗംഭീരമായ കഥ, അതി മനോഹരമായ വിവർത്തനം—ശ്രീ രവികുമാറിനെ അഭിനന്ദിക്കട്ടെ, ഈ കഥയിലേക്ക് എത്തിച്ചേർന്നതിന്. വിവർത്തകനെന്ന നിലക്കും അഭിമാനകരം.

മൂലകൃതിയിൽ ചേർത്ത ചിത്രങ്ങൾ ആവർത്തിച്ചതും വിവേകപൂർവ്വമായി തോന്നി.

കെ. സച്ചിദാനന്ദൻ: ഇത് ആറാമത്തെ തവണയാകണം ഞാൻ 'ലിറ്റിൽ പ്രിൻസ്' വായിക്കുന്നത്. മുതിർന്നവർ അങ്ങിനെയാണല്ലോ. ഒരു വായനയിൽ ഒന്നും മനസ്സിലാവില്ല. അതു കൊണ്ട് ഓരോ വായനയിലും ഞാൻ ഇത്തിരി കൂടി ചെറുതായി വായിക്കുന്നു. ഇപ്പോൾ കുറച്ചു കൂടി മനസ്സിലാകുന്നുണ്ട്. എന്റെ ഛിന്നഗ്രഹത്തിൽ ഫ്രെഞ്ചു ഭാഷ മനസ്സിലാകുന്നവരില്ല. അവിടെ ഞാൻ മാത്രമേ ഉള്ളുവല്ലോ. പണ്ട് ഒരു ഇംഗ്ലീഷുകാരൻ വഴി തെറ്റി വന്നപ്പോൾ അയാൾ ഇത്തിരി ഇംഗ്ലീഷ് പഠിപ്പിച്ചു. ആ ഭാഷയിലാണ് ആദ്യം ഈ വിദ്വാനെ പരിചയപ്പെട്ടത്. പിന്നെ പലകുറി വായിച്ചു, ബാവോ ബാബ് മരത്തിന്റെ ചുവട്ടിലിരുന്നും കിഴവൻ രാജാവിന്റെ അംഗവസ്ത്രത്തിലിരുന്നും മറ്റും. അങ്ങിനെയിരിക്കെയാണ് മലയാളം പറയുന്ന ഒരു നക്ഷത്രം ഈ കഥയുമായി മുന്നിൽ വന്നു വീണത്. ഇപ്പോൾ എനിക്കതു മനസ്സിലാകാൻ തുടങ്ങി. ഞാൻ ഇത്തിരി കൂടി കുട്ടിയായിക്കാണണം. മുതിർന്നവർക്ക് ഇതു മനസ്സിലാവില്ലല്ലോ!

രാജഗോപാൽ: അതെ, കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിയുന്നത്ര മുതിർന്നവർക്ക് മനസ്സിലാക്കാനാവില്ല. കുട്ടികൾ തുറക്കുന്നത്ര മുതിർന്നവർക്ക് തുറക്കാനാവില്ലല്ലോ. മുതിരും തോറും മനസ്സ് ഇടുങ്ങുകയും അടയുകയുമാണല്ലോ...

ഇ. മാധവൻ: കൊച്ചുരാജകുമാരൻ ഇന്നു വരെ രചിച്ച കവിതകളുടെ സ്നേഹ സാരാംശം സമ്മാനിച്ച് സ്വഗ്രഹത്തിലേക്ക് മടങ്ങി—നമുക്ക് നിതാന്തമായ ദുഃഖത്തിന്റെ വില മനസ്സിലാക്കിക്കൊണ്ട്.

കെ. ജി. എസ്.: കൊച്ചുസ്നേഹകുമാരൻ, അപാരൻ.

കഥനമാന്ത്രികൻ അന്ത്വാൻ ദ് സാന്തേ എക്സ്യുപെരിക്കും, മഹാവിവർത്തകൻ വി. രവികുമാറിനും, സായാഹ്നയ്ക്കും അഭിവാദ്യങ്ങൾ.

ലേശം പിരിമുറുക്കം, ഡിപ്രഷൻ എന്ന മനസ്സിറക്കം, എന്നിവ ഉണ്ടായിരുന്നു. മടുപ്പും കലക്കവുമുണ്ടായിരുന്നു.

ലിറ്റിൽ പ്രിൻസിന്റെ മായികതയിൽ എല്ലാം പോയി. ഇനി എവിടെയും ലാൻഡ് ചെയ്യാം. എവിടേക്കും പറന്നുയരാം. അപാരം, തെളിമയുടെ ഔഷധവീര്യം.

എം. എച്ച്. സുബൈർ: ഇഫ്രീത്തുകൾ

എം. എച്ച്. സുബൈർ: എന്റെ 'ഇഫ്രീത്തുകൾ' എന്ന കഥയെപ്പറ്റി അഭിപ്രായം പറഞ്ഞ ശ്രീ കെ. സച്ചിദാനന്ദൻ, ശ്രീ ഇ. മാധവൻ, ശ്രീമതി നന്ദിനി മേനോൻ എന്നിവർക്കും സായാഹ്നയിലെ എല്ലാ പ്രിയപ്പെട്ട വായനക്കാർക്കും, സായാഹ്നക്കും നന്ദി.

കെ. സച്ചിദാനന്ദൻ: അക്ക മഹാദേവിയുടെ വചനങ്ങൾ

കെ. സച്ചിദാനന്ദൻ: ഭട്ടതിരിയോടെങ്ങിനെ നന്ദി പറയേണ്ടൂ!

(ഒക്ടോബർ 18 മുതൽ 24 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.